**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 314** **23-01-2025 - ൽ മറുപടിയ്ക്ക്**

**തമ്മാനിമറ്റം തൂക്കുപാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | കുന്നത്ത്നാട് മണ്ഡലത്തിലെ തമ്മാനിമറ്റം തൂക്കുപാലം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | **സിവിൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭിച്ചിട്ടുള്ളതാണ്. മെക്കാനിക്കൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റിന് സാങ്കേതികാനുമതിയ്ക്കായി ഇറിഗേഷൻ /മെക്കാനിക്കൽ ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ചിട്ടുണ്ട്.** |
| (ബി) | പ്രസ്തുത പദ്ധതി എത്ര തുകയുടെയാണെന്ന് അറിയിക്കാമോ; | (ബി) | 5.37 കോടി രൂപ |
| (സി) | പ്രസ്തുത പദ്ധതിയുടെ സിവിൽ, മെക്കാനിക്കൽ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (സി) | സിവിൽ പ്രവൃത്തിയ്ക്ക് സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ടെങ്കിലും മെക്കാനിക്കൽ വിഭാഗത്തിൽ നിന്നും മെക്കാനിക്കൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭ്യമായതിന് ശേഷം മാത്രമേ സിവിൽ പ്രവൃത്തിയുടെ ടെൻഡർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |
| (ഡി) | പഴയ പാലത്തിന്റെ അവശിഷ്ടങ്ങൾ മാറ്റുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തിക്ക് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (ഡി) | പഴയ പാലം ഡെമോളിഷിങ് ചെയ്യുന്നതിനുള്ള ടെണ്ടർ നടത്തുകയും തുടർന്ന് കരാർ വെക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. ആയതിന് അനുവദിച്ചിട്ടുള്ള തുക 16,00,000/- രൂപയാണ്. |
| (ഇ) | തമ്മാനിമറ്റം തൂക്കുപാല നിർമ്മാണം എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ? | (ഇ) | മെക്കാനിക്കൽ പ്രവൃത്തിയുടെ സാങ്കേതികാനുമതി ലഭിച്ചാൽ സിവിൽ, മെക്കാനിക്കൽ പ്രവൃത്തികളുടെ ടെൻഡർ നടപടികൾ സ്വീകരിക്കുന്നതിനെ തുടർന്ന് നിർമ്മാണം ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ